**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 85** **09/06/2014 ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവിട്ട തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ് | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈ സർക്കാർ എന്ത് തുക വിതരണം ചെയ്തിട്ടുണ്ട്; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈ സർക്കാർ അധികാരമേറ്റശേഷം, ആകെ 280,68,33,042/- രൂപ (ഇരുനൂറ്റിയെൺപത് കോടി അറുപത്തിയെട്ട് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി നാല്പത്തി രണ്ട് രൂപ മാത്രം) വിവിധ ധനസഹായ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (സി) അപകടമരണത്തിനിരയായ കുടുംബങ്ങളുടെ ആശ്രിതർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും എന്ത് തുകയാണ് അനുവദിക്കുന്നത്; | (സി)(1) അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. ഇപ്പോൾ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.<br>(2)വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.<br>(3) സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റുപദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽ പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി 1 ലക്ഷം രൂപ നൽകുന്നു. ഇൻഷുറൻസ് തുകയോ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയോ കണക്കിലെടുത്ത ശേഷം കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഈ സർക്കാർ ധനസഹായ വിതരണത്തിനായി അനുവദിച്ച തുക വിവരം

(18.05.2011 മുതൽ 31.05.2014 വരെ)

| ക്രമ നം. | ജില്ല | ധനസഹായ വിതരണത്തിനായി അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 26,99,30,000 |
| 2 | കൊല്ലം | 20,80,00,000 |
| 3 | പത്തനംതിട്ട | 12,66,05,000 |
| 4 | ആലപ്പുഴ | 25,18,00,000 |
| 5 | കോട്ടയം | 20,86,00,000 |
| 6 | ഇടുക്കി | 15,24,35,800 |
| 7 | എറണാകുളം | 23,60,00,000 |
| 8 | തൃശൂർ | 18,42,00,000 |
| 9 | പാലക്കാട് | 14,00,41,000 |
| 10 | മലപ്പുറം | 26,29,00,000 |
| 11 | കോഴിക്കോട് | 11,59,00,000 |
| 12 | കണ്ണൂർ | 19,52,50,000 |
| 13 | വയനാട് | 7,82,00,000 |
| 14 | കാസറകോഡ് | 18,69,80,000 |
| | ആകെ | 261,68,41,800 |
| | മാനേജിംഗ് ഡയറക്ടർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സൗജന്യ റേഷൻ വിതരണത്തിന്) | 18,89,66,242 |
| | റസിഡൻറ് കമ്മീഷണർ ന്യൂ ഡൽഹി (മലയാറ്റൂർ എൻ.സി.സി ക്യാമ്പിൽ മരണമടഞ്ഞ അഞ്ച് കേഡറ്റുകളുടെ കുടുംബങ്ങൾക്കും ശ്രീ. ജയനാഥനും ധനസഹായം) | 10,25,000 |
| | ആകെ (ഇരുനൂറ്റിയെൺപത് കോടി അറുപത്തിയെട്ട് ലക്ഷത്തി മുപ്പത്തി മുവായിരത്തി നാല്പത്തിരണ്ട് രൂപ മാത്രം) | 280,68,33,042 |

സെക്ഷൻ ഓഫീസർ